പ്രൊഫ. കെ. വി. തോമസ്: സർ, നിർദ്ദേശമൊന്നും വന്നിട്ടില്ല.

ശ്രീ. ഡി. സുഗതൻ: സർ, എന്റെ മണ്ഡലത്തിലെ തോട്ടപ്പള്ളിയിൽ ഒരു ഫിഷിംഗ് ഹാർബർ അനുവദിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരങ്ങൾ അങ്ങുതന്നെ പത്രസമ്മേളനത്തിൽ പറയുകയുണ്ടായി. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് പറയാമോ?

പ്രൊഫ. കെ. വി. തോമസ്: സർ, എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഉദ്ഘാടനം ചെയ്യണമെന്നുണ്ടോ അന്ന് ഇത് ഉദ്ഘാടനം ചെയ്യാൻ തയ്യാറാണ്. അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷൻ കൊടുത്തു, ടെണ്ടർ വിളിച്ചു. എന്ന് ഉദ്ഘാടനം ചെയ്യണമെന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് ഫിക്സ് ചെയ്താൽ അന്നു നടത്താം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെക്കൂടി വിളിക്കണം.

നദികളുടെ പുനർജ്ജീവന പദ്ധതികൾ.

*2 [302] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

„ വർക്കല കഹാർ:

„ കെ. മുഹമ്മദാലി:

„ എം. കെ. പോൾസൺ മാസ്റ്റർ:

„ ഡി. സുഗതൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയെ പുനർജ്ജീവിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ,

(എ) സംസ്ഥാനത്താകെയുള്ള 44 നദികളും അമിതമായ മണൽവാരൽമൂലവും മലിനീകരണംമൂലവും നാശത്തിന്റെ ഭീഷണിയിലാണ്.

(ബി) നദികളെ സംരക്ഷിക്കുന്നതിന്റെ ആദ്യപടിയായി 9 നദികളെ സംരക്ഷിത നദികളായി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട നദികളിലും ജലാശയങ്ങളിലും മോണിറ്ററിംഗ് സ്റ്റേഷനുകൾ ഏർപ്പെടുത്തി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലഗുണനിലവാര പഠനം നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ പത്തു പ്രധാനപ്പെട്ട നദികളായ കരമനയാർ, കല്ലടയാർ, അച്ചൻകോവിലാർ, മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടിയാർ, ഭാരതപ്പുഴ, ചാലിയാർ, വളപട്ടണംപുഴ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവ മാലിന്യ വിമുക്തമാക്കുന്നതിനുവേണ്ടി 2567 കോടി രൂപ മതിപ്പു ചെലവുള്ള കർമ്മ പദ്ധതികളുടെ പ്രൊപ്പോസൽ സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് തയ്യാറാക്കി 1997-ൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര സർക്കാരിലെ പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയുണ്ടായി. കേന്ദ്രം നിർദ്ദേശിച്ചതനുസരിച്ച് പമ്പാ നദിയുടെ സംരക്ഷണത്തിനുവേണ്ടി വിശദമായ പമ്പാ ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. 319.70 കോടി രൂപയുടെ പ്രോജക്ട് സമർപ്പിച്ചതിൽ ഒന്നാം ഘട്ടത്തിലെ 12 പ്രവൃത്തികൾക്ക് മാത്രം 18.45 കോടി രൂപയുടെ കേന്ദ്ര ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ 30 ശതമാനം തുക സംസ്ഥാന വിഹിതവും ബാക്കി കേന്ദ്ര വിഹിതവുമാണ്. 2003-2004 മുതൽ 2006-2007 വരെയുള്ള കാലയളവിൽ പൂർത്തിയാക്കണമെന്ന വ്യവസ്ഥയിലാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്. നദികളുടെ സംരക്ഷണം ലക്ഷ്യമാക്കി കേരളത്തിൽ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട് 2001-ൽ നിലവിൽ വന്നു. ഈ ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മണൽ വാരുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും നദീതീര സംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജലസേചനവിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ കൺവീനറുമായുള്ള ജില്ലാതല വിദഗ്ദ്ധ സമിതികളും പ്രവർത്തിക്കുന്നുണ്ട്.

<u>ശ്രീ. വർക്കല കഹാർ:</u> സർ, പിതൃബലി തർപ്പണത്തിനായി സ്വർഗ്ഗലോകത്തുണ്ടായിരുന്ന ഗംഗാ നദിയെ ഭഗീരഥൻ കഠിനമായി പ്രയത്നം ചെയ്ത് ഭൂമിയിൽ എത്തിച്ചു എന്നാണ് ഐതിഹ്യം. ഈ നദികളെ സംരക്ഷിക്കാൻ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി. ആ നടപടികളൊന്നും പരിഹാരമാർഗ്ഗമാകുന്നില്ല. ഈ സാഹചര്യത്തിൽ നാശോന്മുഖമാകുന്ന നദികളുടെ തീരങ്ങളിൽ, സന്നദ്ധ സംഘടനകളുടേയും തീരപ്രദേശത്തുള്ള ആളുകളേയും സംഘടിപ്പിച്ച് അവരുടെ സഹായത്തോടുകൂടി കയ്യേറ്റങ്ങൾ തടയാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി.എം. ജേക്കബ്:</u> സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അങ്ങനെയൊരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രാദേശികമായി അങ്ങനെയുള്ള കാര്യങ്ങൾ ചെയ്തുവെങ്കിൽ മാത്രമേ ഇത് സാധ്യമാകൂ. ജനപ്രതിനിധികളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും മുൻകൈ എടുത്താൽ ഓരോ പ്രദേശത്തും ഇത്തരത്തിലുള്ള സമിതികൾ രൂപീകരിച്ച് ഫലപ്രദമായ നടപടി സ്വീകരിക്കാൻ കഴിയും.

<u>ശ്രീ. വർക്കല കഹാർ:</u> സർ, "പെരിയാറേ, പെരിയാറേ പർവ്വതനിരയുടെ പനിനീരേ, കല്ലായിപ്പുഴയൊരു മണവാട്ടി" എന്നീ ഗാനശകലങ്ങൾ മലയാളികളുടെ മനസ്സിൽ ഗൃഹാതുരത ഉണർത്തുന്നതാണ്. ഇവിടെ ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകിയതായി പറയുന്നു. കേരളീയ സംസ്ക്കാരത്തിന്റെ കളിത്തൊട്ടിലായ ഭാരതപ്പുഴ സംരക്ഷിക്കാൻ ഈ കർമ്മ പദ്ധതിയുടെ പ്രൊപ്പോസലിൽ എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ്: സർ, അദ്ദേഹം ചോദിച്ചത് രണ്ടു കാര്യങ്ങളാണ്. ഒന്ന്, പെരിയാറിനെ സംബന്ധിച്ചാണ്. ഏകദേശം 25-ഓളം ഫാക്ടറികളിൽ നിന്നുണ്ടാകുന്ന മലിനീകരണം പെരിയാറിനെ വളരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പെരിയാർ മാലിന്യ വിമുക്തമാക്കുന്നതിനും അതു സംരക്ഷിക്കുന്നതിനും വേണ്ടി ആയിരം കോടി രൂപ ചെലവു വരുന്ന ഒരു പ്രോജക്ട് ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര സഹായമില്ലാതെ അതു നടപ്പിലാക്കാൻ നമുക്ക് ബുദ്ധിമുട്ട് വരും. മറ്റൊന്ന്, ഭാരതപ്പുഴയെ സംബന്ധിച്ചാണ്. അതിന്റെ ശുദ്ധീകരണത്തിന് 560 കോടി രൂപയുടെ ഒരു പദ്ധതിയും ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. കെ. മുഹമ്മദാലി: സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്നത് പെരിയാറിനെയാണ്. പെരിയാറിലെ ജലനിരപ്പ് വളരെ ആപൽക്കരമായ നിലയിൽ താഴ്ന്നുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, മണൽവാരലും ജലവിനിയോഗത്തിൽ ഫലപ്രദമായ മാനേജ്മെന്റ് ഇല്ലാത്തതുംമൂലമാണ് ജലനിരപ്പ് വളരെ ഗുരുതരമായി താഴ്ന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് വാട്ടർ അതോറിറ്റി, ഇറിഗേഷൻ പോലുള്ള വിവിധ ഡിപ്പാർട്ട്മെന്റുകളിലെ സാങ്കേതിക വിദഗ്ദ്ധന്മാരെ ഉൾക്കൊള്ളിച്ച്, ജലത്തിന്റെ ഉപയോഗം സംബന്ധിച്ച് ഒരു മാനേജ്മെന്റ് രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, അങ്ങനെയൊരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ട്. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്. സംസ്ഥാനത്തെ നദികളെ സംരക്ഷിക്കുന്നതിനു വേണ്ടി ഗവൺമെന്റ് ഒരു River Basin Organisation രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പ്രോജക്ട് വരുമ്പോൾ drainage network, drainage density, watershed boundary, bed slope, land use, geo morphology, administrative boundary, digital terrain, modern irrigated areas, irrigation prone area, water logged area, flood prone area, river basin data എന്നിവയെല്ലാം River Basin Organisation-ൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. ആ നിലയിൽ ഒരു സമിതിക്ക് രൂപം കൊടുക്കണമെന്നാണ് ഗവൺമെന്റ് ഇപ്പോൾ ആഗ്രഹിക്കുന്നത്.

ശ്രീ. കെ. മുഹമ്മദാലി: സർ, പെരിയാർ നദിയിലാണ് ഏറ്റവും കൂടുതൽ അണക്കെട്ടുകൾ സ്ഥിതി ചെയ്യുന്നത്. ഇടുക്കി ഡാം നിർമ്മിച്ച സമയത്ത് വ്യക്തമായ ഒരു ധാരണയുണ്ടായിരുന്നു. പെരിയാറിൽ ഇടുക്കി ഡാം വരുന്നതോടുകൂടി വെള്ളത്തിന്റെ ഫ്ലോ കുറയുന്നതുകൊണ്ട്, ഇവിടെ മന്ത്രി പറഞ്ഞതുപോലെ വളരെ വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ചിട്ടുള്ളതാണ് ഇവിടെയുള്ള കെമിക്കൽ വ്യവസായങ്ങൾ, അത് പെരിയാറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടുത്തായിട്ടാണ് വന്നിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ഫ്ളോ ഇല്ലെങ്കിൽ മലിനീകരണമുണ്ടാകും. അപ്പോൾ ഈ ഡാമുകൾ പണിതാൽ ആവശ്യമായ വെള്ളം പെരിയാറിലേയ്ക്ക് ഇടമലയാർ ഡാം വഴിയും മറ്റുമൊക്കെ വരുമെന്ന് നേരത്തേ ഒരു ധാരണയുണ്ടായിരുന്നു. ആ ധാരണ പാലിക്കാതെ ഇന്ന് ഒരു തുള്ളി വെള്ളംപോലും പെരിയാറിലേയ്ക്ക് തുറന്നുവിടുന്നില്ല, ഫ്ളോ ഉണ്ടാകുന്നില്ല, ഫ്ളോ ഇല്ലാത്തതുകൊണ്ടാണ് പെരിയാർ മലിനീകരിക്കപ്പെടുന്നത് എന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് പെരിയാറിലേയ്ക്ക് വേനൽ കാലങ്ങളിൽ വെള്ളം തുറന്നുവിട്ട് ഫ്ളോ ഉണ്ടാക്കുവാൻ ഗവൺമെന്റ് മുന്നോട്ടു വരുമോ?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മുഹമ്മദാലി പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാൻ പൂർണ്ണമായും യോജിക്കുന്നില്ല, ഭാഗീകമായി യോജിക്കുന്നുണ്ട്. ഇടുക്കി ഡാമിൽ നിന്നും വരുന്ന വെള്ളമാണ് മൂലമറ്റത്ത് വൈദ്യുതി ഉല്പാദിപ്പിക്കാൻ വേണ്ടി നമ്മൾ ഉപയോഗിക്കുന്നത്. വൈദ്യുതി ഉല്പാദനത്തിനുശേഷം വരുന്ന discharge ആണ് മലങ്കരയിൽ ഡാം കെട്ടി പെരിയാർവാലി- മൂവാറ്റുപുഴ വാലി പ്രോജക്ടിനുവേണ്ടി ഉപയോഗിച്ചതിനുശേഷം താഴേയ്ക്ക് പെരിയാറിൽത്തന്നെ വരുന്നത്. ഇതെല്ലാം റഗുലേറ്റ് ചെയ്യുമ്പോൾ ഒരു നിശ്ചിത തോത് വെള്ളം എപ്പോഴും നദിയിൽ ഉണ്ടാകണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. പക്ഷേ ഇപ്പോൾ അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ മലിനീകരണവുമായി ബന്ധപ്പെട്ട് വളരെയേറെ പുതിയ പ്രശ്നങ്ങൾ വന്നിരിക്കുന്നതുകൊണ്ട് നമുക്ക് തുറന്നുവിടാൻ കഴിയുന്ന വെള്ളത്തിന്റെ തോത് എത്രയെന്നുള്ളത് കാലികമായ പരിശോധനയ്ക്ക് വിധേയമാക്കാം.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, കനോലി കനാൽ വളരെ പ്രശസ്തമായി രണ്ട് ജലോൽസവങ്ങൾ നടന്നുകൊണ്ടിരുന്ന പ്രസിദ്ധമായ ഒരു നദിയാണ്. ചേറ്റുവ അഴിമുഖത്തിനോട് വളരെ അടുത്തുള്ള എന്റെ നിയോജകമണ്ഡലത്തിലെ ഭാഗങ്ങളിൽ കടലിലെ ക്ഷോഭവിക്ഷോഭങ്ങൾക്കനുസരിച്ച് വളരെയേറെ നാശനഷ്ടങ്ങൾ ഉണ്ടാകാറുണ്ട്. ഇരുഭാഗങ്ങളും കരയിടിഞ്ഞും വീടുകൾ നശിച്ചും തെങ്ങുകൾ കടപുഴകിയും ഉപ്പുവെള്ളം കയറിയും ഈ പ്രദേശത്ത് വളരെയേറെ നാശനഷ്ടങ്ങളുണ്ടാകുന്നു. ഇത് തടയാൻ രണ്ടു വശങ്ങളും ഓരങ്ങൾ കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: നദികളുടെ തീരങ്ങൾ സംരക്ഷിക്കേണ്ടതാവശ്യമാണ്, പക്ഷേ നമുക്ക് അതിനുള്ള allotment വളരെ കുറവാണ്. ഇതിന് വേറെ external ആയിട്ടുള്ള യാതൊരു സഹായവും നമുക്ക് ലഭിക്കുന്നില്ല, കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക സഹായവും ലഭിക്കുന്നില്ല. നമ്മുടെ ഫണ്ടിൽ നിന്നുംതന്നെ ഇത് കണ്ടെത്തണം. ബഡ്ജറ്ററി പ്രൊവിഷന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിന്റേയും പ്രത്യേകതകൾ പരിഗണിച്ചും അവിടെയുണ്ടാകുന്ന കരയിടിച്ചിലിന്റെ രൂക്ഷത പരിഗണിച്ചും നടപടികൾ സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, കനോലി കനാൽ ദേശീയ ജലപാതയായി സംരക്ഷിക്കാൻ അങ്ങുതന്നെ കൊടുത്ത പദ്ധതിയിൽ എന്തെങ്കിലും പുരോഗതിയുള്ളതായി അറിയാമോ?

ശ്രീ. ടി. എം. ജേക്കബ്: ദേശീയ ജലപാത നമ്പർ 3 നമ്മുടെ സംസ്ഥാനത്താണ്. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗങ്ങളാണ് ഇപ്പോൾ ഇതിനകത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിന്റെ വികസനത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് പ്രൊപ്പോസൽ സബ്മിറ്റ് ചെയ്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് അനുഭാവപൂർവ്വമായി അക്കാര്യത്തിൽ നടപടി സ്വീകരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. നമ്മൾ നൽകിയിരുന്ന പ്രൊപ്പോസലിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ ഭാഗവും ഉൾപ്പെടുന്നുണ്ട്.

ശ്രീ. ഡി. സുഗതൻ: സർ, പമ്പാ നദിയുടെ സംരക്ഷണത്തെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി, Pampa Action Plan-നെക്കുറിച്ചും പറഞ്ഞു. പമ്പാനദി അവസാനമായി ഒഴുകി വേമ്പനാട്ടു കായലിൽ എത്തിച്ചേരുന്നത് എന്റെ നിയോജകമണ്ഡലത്തിലെ കൈനകരിയിലൂടെയാണ്. അവിടെയെത്തുമ്പോൾ രണ്ട് കൈവഴികളായി തിരിഞ്ഞ് പമ്പാനദിയിൽ എത്തിച്ചേരുകയാണ്. Pampa Action Plan-ന് 18 കോടി രൂപയുടെ ഭരണാനുമതി കിട്ടിയതാണെന്ന് അങ്ങ് പറഞ്ഞത്. ശബരിമലയിലെ പമ്പയിൽ മാത്രം ഒതുങ്ങിനിൽക്കുകയാണ്. പമ്പ എന്ന സ്ഥലത്തുമാത്രമേ അതിന്റെ പ്രവർത്തനം നടക്കുന്നുള്ളൂ. അപ്പോൾ ഈ നദി സംരക്ഷിക്കുന്നതിനും അതിന്റെ കരകൾ സംരക്ഷിക്കുന്നതിനും ഇത് ഒഴുക്കിവിടുന്ന വേമ്പനാട്ടുകായലിന്റെ സംരക്ഷണമുൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടിയാണ് ആവശ്യമായിട്ടുള്ളത്. ഇന്നത്തെ നിലയിലാണെങ്കിൽ 50 വർഷം കഴിഞ്ഞ് വേമ്പനാട്ടുകായൽ ഉണ്ടാകില്ല. ഇപ്പോൾ മണ്ണ് ഡെപ്പോസിറ്റും മറ്റുംകൊണ്ട് ആഴം കുറഞ്ഞുകുറഞ്ഞുവരികയാണ്. അതുകൊണ്ട് വേമ്പനാട് കായലിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ നദീതിര സംരക്ഷണം Pampa Action Plan-ൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: പമ്പാ നദി മാത്രമല്ല, 6 നദികൾ വന്ന് അവസാനിക്കുന്നത് വേമ്പനാട്ടു കായലിലാണ്. വേമ്പനാട്ടു കായലിന്റെ സംരക്ഷണം വളരെ അടിയന്തിര പ്രാധാന്യം അർഹിക്കുന്നുണ്ടെന്ന് ഗവൺമെന്റിന് അറിയാം. Pampa Action Plan മൂന്നു ഘട്ടങ്ങളായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിന് 195.65 കോടി രൂപയും രണ്ടാം ഘട്ടത്തിന് 73.31 കോടി രൂപയും മൂന്നാം ഘട്ടത്തിന് 49.31 കോടി രൂപയുമാണ്. നമ്മൾ കേന്ദ്ര ഗവൺമെന്റിനോട് പറഞ്ഞിരിക്കുന്നത് ഈ പ്രോജക്ടിന് എത്ര എമൗണ്ട് സാങ്ഷൻ ചെയ്താലും അതിന്റെ 30 ശതമാനം സംസ്ഥാന ഗവൺമെന്റ് കണ്ടെത്താമെന്നാണ്. പക്ഷേ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇപ്പോൾ ആദ്യം കിട്ടിയിരിക്കുന്ന തുകയെന്നു പറയുന്നത് വളരെ meager ആയിട്ടുള്ളതാണ്.

ബാക്കി തുകകൂടി കിട്ടാൻവേണ്ടി നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായും ആ പണം കിട്ടുമ്പോൾ Pampa Action Plan-ന്റെ ഒരു ഭാഗം, കുറച്ചു പണം വേമ്പനാട്ടുകായലിന്റെ സംരക്ഷണത്തിനും നമുക്ക് വിനിയോഗിക്കാൻ കഴിയും.

ശ്രീ. ഡി. സുഗതൻ: സർ, നമ്മുടെ കേരളത്തിൽ നേരത്തെ 47 നദികളുണ്ടായിരുന്നു എന്നാണ് പറയപ്പെടുന്നത്. അതിലിപ്പോൾ മുന്നെണ്ണമില്ല, അതെല്ലാം ഗതിമാറി മറ്റു സംസ്ഥാനങ്ങൾ കൊണ്ടുപോയി എന്നാണ് പറയുന്നത്. ഇപ്പോഴുള്ള കണക്കനുസരിച്ച് 44 നദികളാണ് നമുക്കുള്ളത്. പ്രശസ്ത പരിസ്ഥിതി ശാസ്ത്രജ്ഞനും മൂന്നാറിയിലെ നാഷണൽ അക്കാഡമിയിലെ വിസിറ്റിംഗ് പ്രൊഫസറുമായ ശ്രീ. എസ്.എൻ. സദാശിവൻ എഴുതിയ 'River gauges in India' എന്ന ഗ്രന്ഥത്തിൽ ഇത്തരം കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. അതിൽ പറയുന്ന കാര്യങ്ങൾ ഗൗരവമായെടുക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ നാട്ടിൽ 44 നദികളുണ്ടെന്ന് അഭിമാനത്തോടുകൂടി നമ്മൾ നടക്കുന്നതുകൊണ്ടാണ് ഇവിടെ വെള്ളം കുടുതലുണ്ടെന്നുള്ള സങ്കല്പത്തിൽ നാം എത്തിനിൽക്കുന്നത്. 15 കിലോമീറ്റർ ഒഴുകുന്നതിനേയും നമ്മൾ നദിയായിട്ടാണ് വച്ചിരിക്കുന്നത്. അങ്ങനെയാണ് 44 എന്നുള്ള എണ്ണം വന്നിരിക്കുന്നത്. ഞാൻ ഈ സഭയിൽതന്നെ ഒരിക്കൽ പറഞ്ഞതാണ്, ഈ 44 നദികളിലും കൂടിയുള്ള annual discharge എന്നു പറയുന്നത് 79,000 mm^3 ആണ്. അതേസമയം ഗോദാവരി എന്നുപറയുന്ന ഒരു നദിയുടെ മാത്രം annual discharge 1,05,000 mm^3 ആണ്. അപ്പോൾ ഗോദാവരിയുടെ അടുത്തെങ്ങുമെത്താൻ ഈ 44 നദികൾക്കുംകൂടി കഴിയുന്നില്ല. അതാണ് നമ്മുടെ നദികളെക്കുറിച്ചുള്ള സങ്കൽപ്പം. ഇപ്പോഴുള്ള നദികളെ നമുക്ക് സംരക്ഷിക്കാം.

ശ്രീ. എ. സുജനപാൽ: സർ, നമ്മുടെ നദീസംരക്ഷണത്തിന് വേണ്ടത്ര കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ സംവിധാനം അതിനുമാത്രമായി ഇല്ലെന്നുള്ളതാണ് യഥാർത്ഥ പ്രശ്നം. റവന്യൂ വകുപ്പ് മണൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു, തദ്ദേശസ്വയംഭരണ വകുപ്പ് അതിന്റെ മേൽനോട്ടം വഹിക്കുന്നു, അതുപോലെതന്നെയാണ് ഇറിഗേഷൻ വകുപ്പ്, ഇവയെല്ലാംതന്നെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനമില്ല. അതുകൊണ്ട് ചില വ്യക്തികൾ ഈ വരൾച്ച കാലയളവിൽ ചുണ്ടിക്കാണിച്ചതുപോലെ നദീജില്ലകൾ രൂപവൽക്കരിക്കുകയും അതിന്റെ ഉദ്യോഗസ്ഥ സംവിധാനങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നതിന് തയ്യാറാകുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട എ. സുജനപാൽ പറഞ്ഞതുപോലുള്ള പ്രശ്നം ഇപ്പോഴില്ല. ഉദ്യോഗസ്ഥന്മാരുടെ കോ-ഓർഡിനേഷൻ ഇല്ലാത്തതുകൊണ്ട് നദികളുടെ സംരക്ഷണം ഇല്ലാതെവരുന്നു എന്നുപറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശരിയല്ല. പ്രധാനപ്പെട്ട നദികളെ സംബന്ധിച്ചൊക്കെ നമ്മൾ പഠനങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ വ്യക്തമായ റിപ്പോർട്ടും നമ്മുടെ കൈയിലുണ്ട്. ഇനി അദ്ദേഹം പറഞ്ഞതുപോലെ നദീജില്ലാ രൂപീകരണമെന്നു പറയുന്നത് വേറൊരു സെറ്റപ്പിന് പണം ചെലവാക്കാമെന്നുള്ളതല്ലാതെ എന്തെങ്കിലും പ്രയോജനമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇപ്പോൾതന്നെ എഞ്ചിനീയറിംഗ് സംവിധാനം വളരെ ശക്തമായിട്ടില്ലേ? ജലസേചന രംഗം, അതിൽ minor, medium, major എന്നീ മൂന്ന് സെക്ഷനായിട്ടുതിരിച്ച് അതിനകത്തൊക്കെ എഞ്ചിനീയർമാരും സംവിധാനങ്ങളുമൊക്കെയുണ്ട്. ഇനി അതിന്റെ കൂടെ വേറെ വലിയ പണച്ചെലവുവരുന്ന സംവിധാനം ഉണ്ടാക്കേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. എ. സുജനപാൽ: സർ, കല്ലായിപ്പുഴയും നിലത്തൂർപ്പുഴയും ബന്ധിപ്പിക്കുന്ന കോഴിക്കോട് നഗരത്തിലൂടെ പോകുന്ന കനോലി കനാലിന്റെ സംരക്ഷണത്തിനുവേണ്ടി ഗവൺമെന്റുതന്നെ ഈ വർഷത്തെ ബഡ്ജറ്റിൽ ഏതാണ്ട് രണ്ടുകോടിയോളം രൂപ ഉൾപ്പെടുത്തുകയും അതിനുവേണ്ടിയുള്ള പ്രവർത്തനം നടത്തുകയുമൊക്കെ ചെയ്യുന്നുണ്ട്. പക്ഷേ ഇത് താൽക്കാലികമായ സംരക്ഷണ പദ്ധതി മാത്രമേ ആകുന്നുള്ളൂ. സമഗ്രമായിട്ടുള്ള കനോലി കനാൽ സംരക്ഷിക്കുന്നതിനുള്ള പദ്ധതിക്ക് അങ്ങുതന്നെ മുൻകൈ എടുത്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാമെന്നും Inland Navigation Project-ൽ ഉൾപ്പെടുത്താമെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. അത് ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഉൾപ്പെടുത്താൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: കനോലി കനാലിന്റെ സംരക്ഷണം അതുപോലെതന്നെ അവിടെനിന്നും വെള്ളത്തിന്റെ ഒഴുക്ക് പോകുന്നതിനുള്ള ക്രമീകരണം, അത് ബഹുമാനപ്പെട്ട സുജനപാലിനുതന്നെ അറിയാം കോഴിക്കോട് പട്ടണത്തിന്റെ പ്രധാനപ്പെട്ട ആവശ്യമായി പറഞ്ഞതുകൊണ്ടുതന്നെയാണ് ഗവൺമെന്റ് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിൽതന്നെയും അവിടെ ഇത്രയും പണം അനുവദിച്ചതും അതിന്റെ അവസാനഘട്ട വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നതും. ദേശീയ ജലപാതയുമായി ബന്ധപ്പെടുത്തി ദേശീയ ജലപാതയിലേയ്ക്ക് വന്നെത്തുന്ന ഉപചാനലുകളും കനോലി കനാലും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനകത്ത് 90 ശതമാനം കേന്ദ്രഗവൺമെൻറിന്റെ ഗ്രാന്റും 10 ശതമാനം സംസ്ഥാനത്തിന്റെ പണവുമാണ്. ആ സ്കീമിലാണ് ഇത് സബ്മിറ്റു ചെയ്തിരിക്കുന്നത്. ഒരു ബൃഹത്തായ സ്കീമാണ് കൊടുത്തിരിക്കുന്നത്, അത് സാങ്ഷൻ ചെയ്തു കിട്ടുമെന്നുള്ള പ്രതീക്ഷയായാണ് ഗവൺമെന്റിനുള്ളത്.

ശ്രീ. പി. എസ്. സുപാൽ: നമ്മുടെ നദികൾ മരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. സാജുപോൾ പറഞ്ഞതുപോലെ ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള തർക്കമാണെങ്കിലും വകുപ്പുകൾ തമ്മിലുള്ള തർക്കമാണെങ്കിലും മന്ത്രിമാർ തമ്മിലുള്ള തർക്കമാണെങ്കിലും നദികളെ സംബന്ധിച്ച് ചെയ്യേണ്ട കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കൃത്യമായും ചെയ്യുന്നില്ല. റിവർ മാനേജുമെന്റ് ഫണ്ടിന്റെ കാര്യമെടുത്തു നോക്കിയാൽ അതു ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നു കാണാൻ കഴിയും. കളക്ടർ കൺവീനറായിട്ടുള്ള ഒരു കമ്മിറ്റിയാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതെന്ന് മന്ത്രി പറഞ്ഞു. ആ കമ്മിറ്റി കൂടിയിട്ടുണ്ടോ? ഈ ഫണ്ട് വിനിയോഗിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കണം. ഫണ്ട് വിനിയോഗിക്കുന്നതിലുള്ള തടസ്സങ്ങൾ നീക്കി, നദികളുടെ സംരക്ഷണം ഉറപ്പു വരുത്തുന്ന കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ടി. എം. ജേക്കബ്:</u> സർ, നദികളുടെ സംരക്ഷണവും ഈ ഫണ്ടും തമ്മിൽ വലിയ ബന്ധമൊന്നുമില്ല. ആകെ 41 കോടി രൂപ മാത്രമേയുള്ളൂ. കേരളത്തിലെ നദികളെ സംരക്ഷിക്കാൻ ആ പണം തികയില്ല. ആ പർപ്പസിനുവേണ്ടി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ആ സമിതി കൂടാറുമുണ്ട്. ആ സമിതി കൂടി അതിന്മേൽ തീരുമാനമെടുക്കുന്നു. തർക്കം കൊണ്ടൊന്നും ആ പണം പാഴായിപ്പോകുന്നില്ല എന്ന് ഈ സഭയിൽത്തന്നെ ഞാൻ പറഞ്ഞതാണ്. നദികളുടെ സംരക്ഷണത്തിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. മണൽ വാരൽ മൂലം ഉണ്ടാകുന്ന ഏറ്റവും വലിയ ഭീഷണി എന്നു പറയുന്നത് നദികളുടെ ആഴം കൂടുന്നു എന്നുള്ളതാണ്. സ്വാഭാവിക മായും വർഷകാലങ്ങളിൽ വെള്ളത്തിന്റെ ഒഴുക്കു കൂടുതലായിവരുന്നു. ആ സമയത്ത് കര ഇടിയുന്നുണ്ട്. ഇതിനകത്ത് പരിസ്ഥിതി സംബന്ധമായി കുറെ പ്രശ്നങ്ങളുണ്ട്. അതു പരിഹരിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. നമ്മൾ എല്ലാവരും കൂടി കൂട്ടായ ഒരു ശ്രമം നടത്തിയെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ കഴിയൂ. മണൽവാരൽ നിയമമനുസരിച്ച് നദിയുടെ കരയിൽ നിന്നും 10 മീറ്റർ വിട്ടു മാത്രമേ മണൽ വാരാൻ പാടുള്ളൂ. ഏതു സ്ഥലത്താണ് ഈ 10 മീറ്റർ വിട്ടു ആളുകൾ മണൽ വാരുന്നത്? അതു നോക്കാനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കല്ലേ കൊടുത്തിരിക്കുന്നത്. അതുപോലെ ഏതെങ്കിലുമൊരു കൺസ്ട്രക്ഷൻ വർക്കുണ്ടെങ്കിൽ അതിന്റെ 500 മീറ്റർ ചുറ്റളവിൽ മണൽ വാരാൻ പാടില്ല. എല്ലാവരുടെയും കൂട്ടായ ഒരു ശ്രമം ഉണ്ടെങ്കിൽ മാത്രമേ ഇന്നത്തെ ഈ അവസ്ഥയ്ക്കു മാറ്റം വരുത്താൻ സാധിക്കൂ.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ:</u> നദികളുടെ പുനർജ്ജീവന പദ്ധതികളെക്കുറിച്ചു പറയുന്ന കൂട്ടത്തിൽ, ഇതിനുമുമ്പ് നദികളുടെ വെള്ളം റെഗുലേറ്റ് ചെയ്ത് കേരളത്തിന് ഉപകാരപ്രദമായ നിലയിൽ കൈകാര്യം ചെയ്യാൻ വേണ്ടി ഒരു നിയമം തന്നെ ഇവിടെ പാസ്സാക്കി വച്ചിട്ടുണ്ടായിരുന്നു. സാർ ഇപ്പോൾ അതു ഓർക്കുന്നുണ്ടോ? സാറിന്റെ തന്നെ നേതൃത്വത്തിൽ പാസ്സാക്കി

LIBRARY ARCHIVES Kerala Legislative Assembly

എടുത്ത ഒരു നിയമമാണല്ലോ അത്. അതു പൊടി തുടച്ചെടുത്ത് പ്രായോഗികമായി നടപ്പിലാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്ത്, ജലസേചന വകുപ്പിനുവേണ്ടി ഒരു നിയമമുണ്ടാക്കി. വളരെ ഫലപ്രദമായ നിയമമാണ്. അങ്ങു ശങ്കിക്കുന്നതുപോലെയുള്ള ഒരു പ്രശ്നങ്ങളും അതിനകത്തില്ല. റൂൾസുണ്ടാക്കണം. റൂൾസിന്റെ അന്തിമ സ്റ്റേജിലാണ്. നമുക്കറിയാം ഏതു നിയമമുണ്ടാക്കി കഴിഞ്ഞാലും ആ നിയമം ഇഫക്ടീവായി നടപ്പിലാക്കണമെങ്കിൽ അതിനു റൂൾസ് വരണം. രണ്ടു മൂന്നു ഘട്ടം ചർച്ച നടത്തി ഞങ്ങൾ ലാ ഡിപ്പാർട്ടുമെന്റിന് അയച്ചു. അവരതു വെറ്റു ചെയ്തു ഞങ്ങൾക്ക് തിരിച്ചയച്ചു. ചില സംശയങ്ങൾ അവർ ഉന്നയിച്ചു. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് വീണ്ടും അവർക്ക് മറുപടി കൊടുത്തിട്ടുണ്ട്. ഞാൻ ഇവരെയെല്ലാം വിളിച്ചു കൂട്ടി ഒന്നിച്ചിരുന്നു ചർച്ച ചെയ്യും. ഒരു വലിയ നിയമമല്ലേ? ആ നിയമത്തിന്റെ ഓരോ സെക്ഷനിലും നമുക്ക് റൂൾസ് ആവശ്യമാണ്. അങ്ങിവിടെ പറഞ്ഞതുപോലെ, എല്ലാ ഗൗരവവും ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റ് നടപടി എടുത്തിട്ടുണ്ട്. കാലതാമസം ഉണ്ടായിട്ടില്ല. എത്രയും പെട്ടെന്ന് അതിന്റെ റൂൾസ് പുറത്തുവരും. പുറത്തു വന്നു കഴിഞ്ഞാൽ അതു ഇഫക്ടീവായി നടപ്പിലാക്കുകയും ചെയ്യും.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: നദികൾ ഇപ്പോൾ ആർക്കും വേണ്ടാത്ത ഒരു സ്ഥിതിയിലേയ്ക്കു പോകുകയാണ്. പൗൾട്രി ഫാമിൽ നിന്നുള്ള മാലിന്യങ്ങൾ ചാക്കിൽ കെട്ടി രാത്രികാലങ്ങളിൽ പുഴയിലേയ്ക്കു തട്ടുന്നത് കേരളത്തിന്റെ ഏതു ഭാഗത്തു നോക്കിയാലും കാണാൻ സാധിക്കുന്ന കാര്യമാണ്. ഇതു മാലിന്യമായി പുഴയിലൂടെ ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾക്കു നേരെ കേസെടുക്കാൻ വല്ല വകുപ്പുമുണ്ടോ? അങ്ങനെയൊരു പരാതി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതു കേരളത്തിൽ നിത്യക്കാഴ്ചയാണ്. ഇതിനൊരു പരിഹാരമുണ്ടാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: മാലിന്യങ്ങൾ നിക്ഷേപിക്കാൻ പാടില്ല. നിക്ഷേപിച്ചാൽ നടപടിയെടുക്കാൻ നമുക്കു സാധിക്കും. പക്ഷേ ജനങ്ങളും ഇതിനകത്തു കുറച്ചു ബോധവാന്മാരാകണം. പൊല്യൂഷൻ കൺട്രോൾ ബോർഡ് സബ്മിറ്റു ചെയ്തിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് നമ്മുടെ എല്ലാ നദികളിലും കോളിഫോം ബാക്ടീരിയയുടെ അളവു കൂടുതലാണെന്നാണ്. ആ നദികളിൽ നിന്നു തന്നെയാണ് കേരളാ വാട്ടർ അതോറിറ്റി വെള്ളം പമ്പുചെയ്ത് ആളുകൾക്ക് കുടിക്കാൻ കൊടുക്കുന്നത്. ശുദ്ധീകരിച്ചാണ് കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കോളിഫോം ബാക്ടീരിയ കൂടാനുള്ള കാരണം വീടുകളിൽ നിന്നും വിസർജ്ജ്യവസ്തുക്കൾ വരെ നദിയിലേയ്ക്കു കൊണ്ടിടുന്നതാണ്. ഇതിനെതിരെ ഒരു അവബോധം ജനങ്ങളിൽ വളർത്തിയെടുക്കണം. നിയമം കൊണ്ടു മാത്രം ഇതിനൊരു പരിഹാരമുണ്ടാകില്ല. കൂട്ടായ ഒരു ശ്രമം ഇക്കാര്യത്തിലുണ്ടാകണം.

ശ്രീ. രാജു എബ്രഹാം: ഏതു ഫാക്ടറികൾ നിർമ്മാണം പൂർത്തിയാക്കിയാലും അതിന്റെ മുഴുവൻ മാലിന്യങ്ങളും നദിയിലേയ്ക്കാണ് വരുന്നത്. നിയമസഭാ കമ്മിറ്റി മാക്ഡവ്വൽ കമ്പനി സന്ദർശിച്ചപ്പോൾ ബോദ്ധ്യമായ ഒരു കാര്യമാണത്. അങ്ങു പറഞ്ഞതുപോലെ 20 ശതമാനം മനുഷ്യ വിസർജ്ജ്യങ്ങളും പുഴയിലേക്കാണ് വരുന്നത്. പുഴയിൽ കൊണ്ടുചെന്നാണ് വാഹനങ്ങൾ കഴുകുന്നത്. കരിമണലിലടക്കം പുഴയിലാണ് നിക്ഷേപിക്കുന്നത്. അതും നമ്മുടെ ഉള്ളിൽ എത്തുന്നുണ്ട്. ഇതൊക്കെ നിയന്ത്രിക്കാൻ നിയമങ്ങളുണ്ടെങ്കിലും കർശനമായ നിയന്ത്രണങ്ങളുടെ അഭാവമുണ്ട്. ഇങ്ങനെ ചെയ്യുന്ന ആളുകളെ തടവിൽ പാർപ്പിക്കൽ അടക്കമുള്ള കർശനമായിട്ടുള്ള നിയമനിർമ്മാണം കൊണ്ടുവരാൻ മുൻകൈ എടുക്കണം.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളിൽ ചില പ്രൊവിഷൻസ് നമ്മുടെ നിയമത്തിനകത്തുണ്ട്. ആ നിയമത്തിൽത്തന്നെ നമ്മൾ കർശനമായി കുറെ പ്രൊവിഷൻസുകൂടി ഉൾപ്പെടുത്തിയപ്പോൾ സഭയിൽ നിന്നു തന്നെ എതിർപ്പുകൾ വരികയുണ്ടായി. ഈ ബിൽ ഞാൻ തന്നെയാണ് പൈലറ്റു ചെയ്തത്. അതിന്റെ ഡിസ്ക്കഷൻ നടന്ന സമയത്തുണ്ടായ അനുഭവം ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ പോയപ്പോഴും ചില പ്രൊപ്പോസൽസിന്റെ അടിസ്ഥാനത്തിൽ ചിലതു നമ്മൾ മാറ്റി. കർശനമായ വ്യവസ്ഥകൾ ഏർപ്പെടുത്തിയതുകൊണ്ട് ഇതിനൊരു പരിഹാരം ഉണ്ടാക്കിയെടുക്കാൻ സാധ്യമല്ല. ഏതു ഫാക്ടറിയിൽ നിന്നാണെങ്കിലും മാലിന്യങ്ങൾ നദിയിലേയ്ക്കു ഡിസ്ചാർജ്ജ് ചെയ്യുമ്പോൾ അതു ഏത് അളവിൽ വേണം ഡിസ്ചാർജ്ജു ചെയ്യേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് പൊല്യൂഷൻ കൺട്രോൾ ബോർഡിന് വ്യവസ്ഥകൾ ഉണ്ട്, നിയമങ്ങളുമുണ്ട്. അതിനു വിരുദ്ധമായി ഏതെങ്കിലും ഫാക്ടറികൾ പ്രവർത്തിച്ചാൽ ആ ഫാക്ടറികൾ അടച്ചുപൂട്ടാനുള്ള നിയമ വ്യവസ്ഥകൾ നമ്മുടെ നിയമത്തിലുണ്ട്.

ശ്രീ. കെ. അച്ചുതൻ: 13 നദികളുടെ കാര്യമാണ് കുടിവെള്ള പദ്ധതിയിൽ പ്രധാനമായും പറയാറുള്ളത്. ഏറ്റവും കൂടുതൽ പ്രദേശത്തേയ്ക്കു കുടിവെള്ളം കൊടുക്കുന്നതാണ് ചിറ്റൂർ പുഴ. അവിടെ ചെക്കു ഡാമുകൾ കെട്ടാത്തതുകൊണ്ട് മൂന്നു നാലു മാസമായി വെള്ളം കൊടുക്കാൻ സാധിക്കുന്നില്ല. ചിറ്റൂർ പുഴയാണ് ഈ പറഞ്ഞ 13 നദികളിൽ പ്രധാനം. ആ പ്രദേശത്തു ചെക്കു ഡാമുകൾ കെട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: 13 നദികളുടെ കാര്യം ഞാൻ പറഞ്ഞില്ല. ഒൻപതു നദികളുടെ കാര്യമാണ് പറഞ്ഞത്. ചിറ്റൂർ പുഴയടക്കം കേരളത്തിലെ പ്രധാനപ്പെട്ട നദികളിൽ ഭാരതപ്പുഴയാണ് ഏറ്റവും വീതി കൂടിയ നദി. ഭാരതപ്പുഴയിലടക്കം ഈ പ്രാവശ്യം കൂടുതൽ ചെക്കു ഡാമുകൾ നിർമ്മിക്കുന്നുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അക്കൂട്ടത്തിൽ തീർച്ചയായും ചിറ്റൂർ പുഴയിലും വളരെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ചെക്കു ഡാമുകൾ നിർമ്മിക്കും.

ശ്രീ. കെ. രാധാകൃഷ്ണൻ: നമ്മുടെ നദികൾ നശിക്കാൻ ഒട്ടേറെ കാരണങ്ങൾ ഇവിടെ പറയുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം നിയന്ത്രണമില്ലാത്ത മണൽ വാരലാണ്. മണൽ വാരൽ പുഴകളുടെ ആഴം വർദ്ധിപ്പിക്കുന്നു. പുഴയുടെ കുറെ ഭാഗം കാടായി മാറിക്കൊണ്ടിരിക്കുകയുമാണ്. അങ്ങനെ നമ്മുടെ നദികൾ നശിച്ചുകൊണ്ടിരിക്കുകയാണ്. മണൽ വാരലിലൂടെ നമ്മുടെ വിവിധ ഏജൻസികൾക്ക് റോയൽറ്റി ഇനത്തിൽ ധാരാളം പൈസ കിട്ടുന്നുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റിനും ലോക്കൽ പഞ്ചായത്തുകൾക്കും ധാരാളം പൈസ കിട്ടുന്നുണ്ട്. Mining and Geology-ക്ക് പൈസ കിട്ടുന്നുണ്ട്, Centre for Earth Science Studies-ന് പൈസ കിട്ടുന്നുണ്ട്. ഈ പൈസകൾ കൊണ്ട് അതാതു ഡിപ്പാർട്ടുമെന്റുകൾക്ക് തോന്നുന്നതു പോലെയുള്ള പരിപാടികളാണ് നടപ്പാക്കുന്നത്. അതുകൊണ്ട് ഇതെല്ലാം കൂടി യോജിപ്പിച്ചുകൊണ്ട്, നദികളെ സംരക്ഷിക്കുന്നതിനുവേണ്ടി, ഈ നദികളിൽ നിന്നും വാരുന്ന മണലിന്റെ തോത് നോക്കി, ആ നദികളിൽ തന്നെ ആ പൈസ വിനിയോഗിക്കുന്നതിനുവേണ്ടിയുള്ള സമീപനം സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: 1992-ൽ നമ്മൾ ഇറക്കിയ ഒരു ഓർഡർ പ്രകാരമാണ് 9 നദികളെ സംരക്ഷിത നദികളായി പ്രഖ്യാപിച്ചത്. അതിനകത്ത് ഭാരതപ്പുഴയാണ് ഒന്നാമത്തെ നദി. നദികളുടെ ഗതി മാറി ഒഴുകുന്നതുകൊണ്ടാണ് പുറ്റും മറ്റു കാര്യങ്ങളും ഉണ്ടാകുന്നത്. മണൽ വാരൽ ഇതിനൊരു പ്രധാനപ്പെട്ട കാരണവുമാണ്. അതല്ലാതെയുള്ള പല കാരണങ്ങളുമുണ്ട്. ഇതു പരിഹരിക്കുന്നതിനു ചില സ്കീമുകൾ ഞങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പുറ്റു മാറ്റാനായി നല്ലൊരു നിർദ്ദേശം തരാൻ ഉദ്യോഗസ്ഥന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭാരതപ്പുഴയിൽത്തന്നെ ആറു തടയണകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തിയാക്കി വരികയാണ്. തൃത്താലയിലും ചമ്രവട്ടത്തും

പണിയുന്നതിനു പുറമെയാണിത്. പിന്നെ പല ഏജൻസികളും സ്വരൂപിക്കുന്ന പണം നദികളുടെ സംരക്ഷണത്തിനുവേണ്ടി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാം.

<u>ശ്രീ. തമ്പാനൂർ രവി:</u> തിരുവനന്തപുരം പട്ടണത്തിൽ പ്രത്യേകിച്ച് കിള്ളിയാർ വളരെ പൊല്യൂട്ടഡ് ആണ്. അതിനുള്ള പ്രധാന കാരണം ഡ്രെയിനേജ് പൊട്ടി വെള്ളം പല സ്ഥലങ്ങളിലും ഇതിലൂടെ ഒഴുകുന്നതാണ്. അതിനു പല നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതു പൂർണ്ണമായും ഒഴിവാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി. എം. ജേക്കബ്:</u> വികസന പദ്ധതിയുടെ ഒരു പ്രധാനപ്പെട്ട ഭാഗമായി സ്വീവേജ് കളക്ഷനും അതിന്റെ ട്രീറ്റുമെന്റും എടുത്തിട്ടുണ്ട്. തലസ്ഥാന വികസനത്തിനുവേണ്ടി ഒരു പ്രത്യേക സമിതി തന്നെയുണ്ട്. തിരുവനന്തപുരത്തിന്റെ ഡെവലപ്മെന്റിനുവേണ്ടി മുഖ്യമന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ചിരിക്കുന്ന സമിതിയിലെ പ്രധാനപ്പെട്ട ഒരു നയമാണ് ഈ സിറ്റിക്കകത്തുകൂടി ഒഴുകുന്ന നദികളിലെ പൊല്യൂഷൻ അവസാനിപ്പിക്കുക എന്നുള്ളത്. അതിൽ സ്വീവേജാണ് ഒരു പ്രധാനപ്പെട്ട വിഷയമായി വരുന്നത്. അതിനുള്ള നടപടികൾ ഞങ്ങൾ സ്വീകരിച്ചു വരികയാണ്.

<u>ശ്രീ. മത്തായി ചാക്കോ:</u> നമ്മൾ പാസ്സാക്കിയിട്ടുള്ള നദീതട സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിൽ സെക്ഷൻ 16-ൽ നദീമുഖ വികസനത്തിന് ജില്ലാ വിദഗ്ദ്ധ സമിതികൾക്കു പദ്ധതികൾ തയ്യാറാക്കാമെന്നു പറയുന്നുണ്ട്. അങ്ങനെ ഏതെങ്കിലും പദ്ധതി ഏതെങ്കിലും ജില്ലകളിൽ നിന്നും പാസ്സാക്കി ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുണ്ടോ? ഇതിനു റവന്യൂ വകുപ്പ് തടസ്സം നിന്നിട്ടുണ്ടോ? അങ്ങനെ റവന്യൂ വകുപ്പ് തടസ്സം നിന്നിട്ടുണ്ടെങ്കിൽ ഈ ബില്ലിലെ 31-ാമത്തെ സെക്ഷൻ, "വൈഷമ്യങ്ങൾ നീക്കം ചെയ്യൽ സെക്ഷൻ" റിവോക്കു ചെയ്തുകൊണ്ട് റവന്യൂ വകുപ്പിന്റെ തടസ്സം നീക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ടി. എം. ജേക്കബ്:</u> ആ ചോദ്യവും ഇപ്പോഴത്തെ ചോദ്യവും തമ്മിൽ ബന്ധമില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly